


**Week -4**

## The Sin of Envy (അസൂയ എന്ന പാപം)

ഒരു ഗ്രീക്കുകഥ ഇപ്രകാരമാണ്. ഒരു പട്ടണത്തിലെ ആളുകൾ തങ്ങളുടെ പട്ടണത്തിൽ കായികമേളയിൽ ചാമ്പ്യൻ പട്ടം കൈവരിച്ച ഒരാളുടെ പ്രതിമ സ്ഥാപിച്ചു. എന്നാൽ ആ ചാമ്പ്യന്റെ എതിരാളിയ്ക്ക് ഇതൊട്ടും സഹിച്ചില്ല. അസൂയാലുവായ അയാൾ ഏതുവിധേനയും ആ പ്രതിമ നശിപ്പിക്കുവാൻ തീരുമാനിച്ചു. ആ രാത്രിയിൽ എല്ലാവരും സുഷുപ്തിയിൽ ആണ്ടുകഴിഞ്ഞപ്പോൾ അയാൾ ആ പ്രതിമയുടെ ചുവടുഭാഗം അല്പാല്പം അടർത്തിക്കളയുവാൻ

തുടങ്ങി. പലരാത്രികൾ ഇങ്ങനെ കഴിഞ്ഞു. ഒരു രാത്രി തകർക്കുന്നതിനിടയിൽ ആ പ്രതിമ ഇളകി അയാളുടെ മേൽ വീണ തിനാൽ ആ അസൂയക്കാരൻ മരണത്തിന് ഇരയായി.

സൃഷ്ടിയുടെ ആരംഭം മുതൽ മനുഷ്യനെ നോട്ടമിട്ടിരുന്ന സാത്താൻ ദൈവീക പറുദീസയിൽ നിന്ന് അവനെ പുറത്താക്കി. അന്നുമുതൽ പാപം മനുഷ്യരിൽ കടന്നുകയറി. 'പാപം വാതിൽക്കൽ കിടക്കുന്നു, അതിന്റെ ആഗ്രഹം നിങ്കലേക്കാകുന്നു, നിയോ അതിനെ കീഴടക്കേണം' എന്ന് കല്പിച്ചു. സഹോദരനോ ടുള്ള അസൂയമൂലം ദൈവീക മുന്നറിയിപ്പ് കായീൻ അവഗണിച്ചു, പാപത്തെ ജയിപ്പാൻ കഴിയാതെപോയി, സഹോദരങ്ങൾക്കിടയിൽ മാത്രമല്ല, സുഹൃത്തുക്കൾക്കിടയിലും ആത്മീയരുടെ ഇടയിലും എല്ലാം അസൂയ ഉണ്ട്, ഇതിൽ ഏറ്റവും ബീഭത്സമാണ് ആത്മീയ അസൂയ (1 പത്രോ:2:1) ൽ പത്രോസപ്പോസ്തോലൻ ആത്മീയജീവി തത്തിൽ പാടില്ലാത്ത കാര്യങ്ങൾ പറയുന്നതിൽ ഒന്നാണ് അസൂയ.

അസൂയ അസ്ഥികളെ ദ്രവിപ്പിക്കുമ്പോൾ ശാന്തമനസ്സ് ജീവൻ നൽകുന്നു. യേശുക്രിസ്തുവിനോടുള്ള യഹൂദന്മാരുടെ അസൂയ ആണ് ബറബ്ബാസ് എന്ന ശ്രുതിപ്പെട്ടൊരു തടവുകാരനെ വിട്ടുതരണമെന്നാവശ്യപ്പെടുവാനും യേശുവിനെ ക്രൂശിക്കണമെന്ന് മുറവിളി കൂട്ടുവാനും കാരണമായത്. യേശുവിനോടുള്ള അസൂ യതന്നെയാണ് അവന്റെ വേലക്കാരോടുള്ള അസൂയയ്ക്കും കാരണം. ക്രിസ്തുവിന്റെ പ്രവർത്തിയോടും, വാക്കിനോടും നീതി

പുലർത്തുന്നവരെ ഇന്നും ഉപദ്രവിക്കാറുണ്ട്. നിങ്ങൾ ജോലി ചെയ്യുന്നിടം ചിലപ്പോൾ വിശ്വസ്തരോട് അസൂയ പുലർത്തുന്നവരുള്ളിടം ആകാം. അസൂയ പൂണ്ടവർ നിങ്ങൾക്കെതിരായി പ്രവർത്തിച്ചേക്കാം ദാനിയേൽ ചെയ്തതുപോലെ അസൂയാലുക്കളുടെ പ്രവർത്തിയെ ശ്രദ്ധിക്കാതെ 'പതിവുപോലെ പ്രാർത്ഥിക്കുക' എന്ന രീതി അനുവർത്തിക്കുക. പ്രാർത്ഥന നിങ്ങളുടെ ബലമാകട്ടെ.

ഏകദേശം ഒരു പട്ടണം മുഴുവനും പൗലോസിന്റെ വാക്കുകൾ കേൾക്കാനെത്തിയത് യഹൂദന്മാർക്കിടയിൽ അസൂയ ഉണ്ടാക്കുവാൻ കാരണമായി. അവർ ദൈവത്തെയും ദൈവവചനത്തെയും ദുഷിച്ചു. പുറജാതികൾ തീയ്ക്കിരയാകേണ്ട കുപ്പയായി അവർ കരുതുമ്പോൾ ക്രിസ്തു അവരെ വിളഞ്ഞു കിടക്കുന്ന വിളവായി കണ്ടതിനാൽ അങ്ങനെയുള്ളവന്റെ അനുയായികളേയും അവർ വെറുത്തു. എങ്കിലും പൗലോസ് ക്രിസ്തുവിൽ ബലപ്പെട്ട് അസൂയാലുക്കളെ ഭയക്കാതെ ക്രിസ്തുവിൽ സന്തോഷിച്ച് ധൈര്യമായി പ്രസംഗിച്ചു.



പ്രിയരേ, നിങ്ങൾ ചെയ്യുന്ന നല്ല പ്രവർത്തികൾക്കെതിരെ ദൈവമക്കളെന്ന വ്യാജഭാവം പുലർത്തുന്നവർ അസൂയ പൂണ്ട് പലതും പറയും .(നിങ്ങൾ ഒരു സ്ത്രീ ആയാൽ, മിണ്ടാതിരിക്കാനാവശ്യപ്പെടുന്നവരും സമൂഹത്തിലുണ്ട് എന്നതിനാൽ അടങ്ങിഇരിക്കരുത്.) ദൈവത്തിനായി ഈ ഭൂമിയിൽ ജീവിപ്പാൻ പ്രവർത്തിപ്പാൻ, ദാനം ലഭിച്ച ഈ ഒരായുസ്സു മാത്രമേയുള്ളു. അസൂയാലുക്കളെ മറക്കുക, ക്രിസ്തുവിനെ ഓർക്കുക , സുവിശേഷത്തിനായി നിലനില്ക്കുക.ശ്രദ്ധയുള്ള നല്ല വേലക്കാരാകുക. ദൈവം നിങ്ങളെ ധൈര്യപ്പെടുത്തട്ടെ.

## പ്രാർത്ഥന

കർത്താവേ ! ഞങ്ങളെ തകർക്കുവാൻ തയ്യാറായി നിൽക്കുന്ന അസൂയാലുക്കളെ വിവേചിച്ചറിയുവാൻ കൃപതരേണമേ. നിന്നിലാശ്രയിച്ച് നിന്നിലുള്ള വിശ്വാസത്തോടെ വേലചെയ്യുവാൻ കൃപതരേണമെ,

ആമേൻ.

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind